കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം-എറണാകുളം നിയോജകമണ്ഡലം-ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് തൈക്കാവ് ജംഗ്ഷനിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 387/19/തസ്വഭവ　　　　തിരുവനന്തപുരം, തീയതി :22.02.2019

പരാമർശം- 1. 11/06/2012- തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 332/12/ധന.
2. 08/01/2015 ലെ സർക്കാർ ഉത്തരവ് നം.(സാധാ.)നം.61/2015/തസ്വഭവ
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21/08/2018 ലെ ഡി.ബി2/2136/16/സിഇ/തസ്വഭവ നം. കത്ത്.

<u>ഉത്തരവ്</u>

എറണാകുളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ഹൈബി ഈഡൻ എം.എൽ.എ യുടെ 2014-15 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിലെ തൈക്കാവ് ജംഗ്ഷനിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്ന പ്രവർത്തിക്ക് ആകെ അടങ്കൽ തുകയായ 55 ലക്ഷം രൂപയ്ക്ക് (അൻപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിരുന്നു. ടി പ്രവർത്തിയുടെ നടപ്പുവേളയിൽ മണ്ഡലം എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം അധിക വർക്കുകൾ കൂടി ചേർത്തതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് തയ്യാറാക്കിയതായും പ്രവൃത്തി ടെണ്ടറിന് ശേഷം ടെണ്ടർ ബിലോ ആയതിനാൽ 41,99,281/- ആയെന്നും എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ടി പ്രവൃത്തിയുടെ തുക 51,93,211/-രൂപയായി വരുന്നതിനാൽ ടെണ്ടർ പിഎസി തുകയാക്കി ക്രമവൽക്കരിച്ച് കൊണ്ട് ആകെ അടങ്കൽ തുകയായ 55 ലക്ഷം രൂപയ്ക്ക് തന്നെ ഡിപ്പോസിറ്റ് വർക്കായി പുതുക്കിയ ഭരണാനുമതി നല്കുന്നതിലേയ്ക്കായി പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെണ്ടർ സേവിംഗ്സ് ആവശ്യമായി വന്നിരിക്കുന്നത് അതേ പ്രവൃത്തിക്ക് തന്നെയായതിനാലും പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ പ്രവൃത്തി നല്ല രീതിയിൽ പൂർത്തീകരിക്കാൻ ആവശ്യമാണെന്ന് അറിയിച്ചിരിക്കുന്നതിനാലും പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതി നൽകിയ തുകയിൽ അധികരിക്കാത്തതിനാലും പൊതുമരാമത്ത് എക്സി. എഞ്ചിനീയർ നൽകിയിരിക്കുന്ന പുതുക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് ,എറണാകുളം

നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.ഹൈബി ഈഡൻ എം.എൽ.എ യുടെ 2014-15 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിലെ തൈക്കാവ് ജംഗ്ഷനിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്ന പ്രവർത്തിക്ക് വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ടു ഡിപ്പോസിറ്റ് പ്രവൃത്തിയാക്കി നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി.എ.ഡി. എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത്(കെട്ടിട വിഭാഗം) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി,ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് ,എറണാകുളം
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/151/2013/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ